# പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ആഗസ്റ്റ് 6, വെള്ളിയാഴ്ച

**നമ്പർ 24**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അനുമോദനം :

ടോക്കിയോ ഒളിമ്പിക്സ് പുരുഷ ഹോക്കിയിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീം, മലയാളിയും ടീമംഗവുമായ പി. ആർ. ശ്രീജേഷ്, വനിതാ ബോക്സിംഗിൽ വെങ്കല മെഡൽ നേടിയ ലവ്‌ലിന ബോർഗോഹെയ്ൻ, ഗുസ്തിയിൽ വെള്ളി മെഡൽ നേടിയ രവി കുമാർ ദഹിയ എന്നിവരെ അനുമോദിച്ചുകൊണ്ട് സ്പീക്കർ പരാമർശം നടത്തി.

അടിയന്തരപ്രമേയം :

കോവിഡ് വ്യാപനം തടയുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള ലോക്ക്ഡൗൺ നിയന്ത്രണങ്ങളും പിഴ ഈടാക്കുന്നതുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*)-യും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

KNPP. 1262/2021(i).

ശ്രദ്ധ ക്ഷണിക്കൽ :

(1) കിഫ്ബി വഴി അനുവദിക്കപ്പെട്ട പൊതുമരാമത്ത് റോഡ് പദ്ധതികൾ നടപ്പാക്കുന്നതിൽ സൃഷ്ടിക്കപ്പെടുന്ന തടസ്സങ്ങൾ സംബന്ധിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് കോണ്ണുരുത്തി കനാൽ നവീകരിക്കേണ്ടതിന്റെയും അതോടനുബന്ധിച്ചുള്ള പുനരധിവാസ ചുമതലകൾ കെ.എം.ആർ.എൽ.-നെ ഏൽപ്പിക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. ടി. ജെ. വിനോദ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ആർ. സുനിൽ കുമാർ | ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കുഴൂർ ഉപകേന്ദ്രത്തിന്റെ പ്രവർത്തനം | മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 2 | ശ്രീമതി യു. പ്രതിഭ | കായംകുളം നഗരസഭ സി.ഡി.എസ്., കെ.യു.ആർ. ഡി.എഫ്.സി.യിൽ നിന്നും എടുത്തിട്ടുള്ള ഭവനവായ്പയുടെ കുടിശ്ശിക | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. കെ. പ്രശാന്ത് | തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ വികസനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 4 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പെരുമ്പാവൂരിൽ ആർ.ടി. ഓഫീസ് നിർമ്മാണം | ഗതാഗത വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു

(1) 2021-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്.

(2) 2021-ലെ കേരള ധനകാര്യ (2 - ാം നമ്പർ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്.

<u>അനൗദ്യോഗികാംഗങ്ങളുടെ കാര്യം</u> :

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ :

(i) ശ്രീ. കെ. ഡി. പ്രസേനൻ നോട്ടീസ് നൽകിയ 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(ii) ശ്രീ. എൻ. ഷംസുദ്ദീൻ നോട്ടീസ് നൽകിയ 2021-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(iii) ശ്രീ. ടി. ജെ. വിനോദ് നോട്ടീസ് നൽകിയ 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(iv) ശ്രീ. എം. രാജഗോപാലൻ നോട്ടീസ് നൽകിയ 2021-ലെ കേരള മിശ്രവിവാഹിത കുടുംബ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(v) ശ്രീമതി ഒ. എസ്. അംബിക നോട്ടീസ് നൽകിയ 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകയ്ക്ക് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള തുടർ ചർച്ച :

(i) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, 2021-ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സംബന്ധിച്ച തന്റെ പ്രസ്താവന പുനരാരംഭിച്ചു . പ്രസ്താവന പൂർത്തിയായില്ല.

(ii) ശ്രീ. പി. എസ്. സുപാൽ, 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സംബന്ധിച്ച തന്റെ പ്രസ്താവന പുനരാരംഭിച്ചു. പ്രസ്താവന പൂർത്തിയായില്ല.

(iii) ശ്രീ. പി. ടി. തോമസ്, 2021-ലെ കേരള ശുദ്ധ ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സംബന്ധിച്ച തന്റെ പ്രസ്താവന പുനരാരംഭിച്ചു . പ്രസ്താവന പൂർത്തിയായില്ല.

2021 ആഗസ്റ്റ് 9-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 12.30-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Second Session

# BULLETIN—PART I

( Brief Record of Proceedings )

*Friday, August 6, 2021*

**No. 24**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

*Felicitation:*

The Speaker made a reference felicitating Indian Men's Hockey Team, Team Member and Malayalee P. R. Sreejesh for winning Bronze Medal in Hockey, Lovlina Borgohain for winning Bronze Medal in Women's Boxing, Ravi Kumar Dahiya for winning Bronze Medal in Wrestling in Tokyo Olympics.

*Adjournment Motion:*

After hearing the Minister for Health and Woman and Child Development, the Speaker withheld consent to the moving of an adjournment motion given notice of by Shri K. Babu (*Thripoonithura*) and five other Members to the serious situation reported to have arisen consequent to the lockdown restrictions and imposition of fines to contain Covid pandemic.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout)

KNPP. 1262/2021(ii).

*Calling Attention :*

(1) Shri K. B. Ganesh Kumar called the attention of the Minister for Public Works and Tourism regarding the hindrances in the implementation of the PWD road projects sanctioned under KIIFB. The Minister made a statement thereto.

(2) Shri T. J. Vinod called the attention of the Chief Minister to the necessity to take steps to hand over the rehabilitation of Konthuruthy Canal Regeneration Project to KMRL and the completion of the land acquisition and rehabilitation. The Minister for Local Self Governments, Rural Development and Excise on behalf of the Chief Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ആർ. സുനിൽ കുമാർ | ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കഴൂർ ഉപകേന്ദ്രത്തിന്റെ പ്രവർത്തനം | മുഖ്യമന്ത്രിക്കു വേണ്ടി തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 2 | ശ്രീമതി യു. പ്രതിഭ | കായംകുളം നഗരസഭ സി.ഡി.എസ്., കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും എടുത്തിട്ടുള്ള ഭവനവായ്പയുടെ കുടിശ്ശിക | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. കെ. പ്രശാന്ത് | തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ വികസനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 4 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പെരുമ്പാവൂരിൽ ആർ.ടി. ഓഫീസ് നിർമ്മാണം | ഗതാഗത വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

The following reports were presented:

(1) The Report of the Subject Committee VIII on The Kerala Finance Bill, 2021.

(2) The Report of the Subject Committee VIII on The Kerala Finance (No. 2) Bill, 2021.

*Private Members' Business:*

(1) The Third Report of the Committee on Private Members' Bills and Resolutions was considered and adopted by the House.

(2) Motion for leave to introduce the following bills:

(i) Shri K. D. Prasenan moved the motion for leave to introduce The Kerala Eradication of Supersition-Evil Practices Bill, 2021 given notice of by him. Since the motion was opposed by the Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Devaswoms on behalf of the Chief Minister, the mover was allowed to make a brief statement. The statement was inconclusive.

(ii) Shri N. Samsudheen moved the motion for leave to introduce The Kerala State Akshaya Entrepreneurs' Constitution of Welfare Fund Board Bill, 2021 given notice of by him. Since the motion was opposed by the Minister for Fisheries, Culture and Youth Affairs on behalf of the Minister for General Education and Labour, the mover was allowed to make a brief statement. The statement was inconclusive.

(iii) Shri T. J. Vinod moved the motion for leave to introduce The Kerala Loudspeaker and Light Facility Workers' Constitution of Welfare Fund Board Bill, 2021 given notice of by him. Since the motion was opposed by the Minister for Fisheries, Culture and Youth Affairs on behalf of the Minister for General Education and Labour, the mover was allowed to make a brief statement. The statement was inconclusive.

(iv) Shri M. Rajagopalan moved the motion for leave to introduce The Kerala Inter Caste Marriage Family Protection Bill, 2021 given notice of by him. Since the motion was opposed by the Minister for Higher Education and Social Justice, the mover was allowed to make a brief statement. The Statement was inconclusive.

(v) Smt. O. S. Ambika moved the motion for leave to introduce The Constitution of Apex Council for Co-ordinating The District Tourism Promotion Council in the State Bill, 2021 given notice of by her. Since the motion was opposed by the Minister for Public Works and Tourism, the mover was allowed to make a brief statement. The Statement was inconclusive.

III. Motion for leave to introduce the following bills (Continuation of Discussion):

(i) Shri Eldose P. Kunnappillil continued the statement regarding the leave to introduce The Kerala State Migrant Workers' Constitution of Welfare Fund Board Bill, 2021 given notice of by him. The statement was inconclusive.

(ii) Shri P. S. Supal continued the statement regarding the leave to introduce The Kerala State Door to Door Delivery Service Workers' Welfare Fund Bill, 2021 given notice of by him. The statement was inconclusive.

(iii) Shri P. T. Thomas continued the statement regarding the leave to introduce The Kerala Authority for Ensuring Availability of Pure Water Constitution Bill, 2021 given notice of by him. The statement was inconclusive.

The House adjourned at 12.30 p.m. to meet again at 9.00 a.m. on Monday, August 9, 2021.

S. V. UNNIKRISHNAN NAIR,

*Secretary.*